# AMRITA VIDYALAYAM
## ANNUAL EXAMINATION - 2019 - 20

**Class : VI** **Marks : 80**
**Time : 3 hrs**

# മലയാളം

| |
|---|
| This question paper is divided into four sections. |
| Section A : Reading Comprehension - 10 marks |
| Section B : Writing - 14 marks |
| Section C : Grammar - 20 marks |
| Section D : Text and Non-Detailed - 36 marks |

## എ. വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **10**

എഴുത്തച്ഛന്റെ കാലത്തു കേരളത്തിൽ സാഹിത്യ രചനയ്ക്കു പ്രധാനമായും രണ്ടു ഭാഷാരീതികളാണ് ഉണ്ടായിരുന്നത്. ഒന്ന് സംസ്കൃതവും രണ്ടാമത്തേത് മണിപ്രവാളവും. സംസ്കൃതവും മലയാളവും ഹൃദ്യമായി യോജിച്ചു വരുന്ന ഭാഷയാണ് മണിപ്രവാളം. മണി മലയാളത്തെയും, പ്രവാളം സംസ്കൃതത്തെയും സൂചിപ്പിക്കുന്നു. സംസ്കൃതത്തിൽ കാവ്യരചന നടത്തിയാൽ അത് സാധാരണക്കാർക്ക് അപ്രാപ്യമാവും. എന്നാൽ മണിപ്രവാളം ഭക്തിക്കും തത്വചിന്തയ്ക്കും യോജിച്ചതാവുകയില്ല. ഈ അവസ്ഥയിൽ തന്റെ കാവ്യരീതിക്ക് യോജിച്ച കാവ്യഭാഷ എഴുത്തച്ഛൻ നിർമ്മിക്കുകയായിരുന്നു. സംസ്കൃതത്തിൽ നിന്ന് ലളിതമായ പദങ്ങൾ സ്വീകരിച്ച് മലയാളത്തെ ഗൗരവമാർന്ന ഒരു ഭാഷയാക്കി. അങ്ങനെ പിൽക്കാലകവികൾക്ക്കൂടി അനുകരിക്കാൻ ഉചിതമായ ഒരു ഭാഷയ്ക്ക് ആചാര്യൻ രൂപം നൽകി.

1. മണിപ്രവാളം എന്നാലെന്ത്?
2. സാഹിത്യ രചനയ്ക്ക് എഴുത്തച്ഛന്റെ കാലത്ത് എത്ര ഭാഷാരീതികളുണ്ടായിരുന്നു? അവ ഏതെല്ലാം?
3. എഴുത്തച്ഛൻ മലയാളത്തെ ഗൗരവമാർന്ന ഒരു ഭാഷയാക്കി തീർത്തതെങ്ങനെ?
4. മലയാള ഭാഷയ്ക്ക് രൂപം നൽകിയ ആചാര്യൻ ആര്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

## ബി. വിഭാഗം

**II.a) ആശയ വിപുലനം.** **7**

"നാട്യ പ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം."

**b) ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **7**

വിനോദയാത്രയുടെ പ്രാധാന്യം.

## സി. വിഭാഗം

**III.a) അംഗ അംഗി വാക്യങ്ങൾ വേർതിരിച്ചെഴുതുക.** **2**

രാമു പന്ത് കളിക്കുമ്പോൾ മാളു പഠിക്കുകയായിരുന്നു.

**b) പ്രയോഗം മാറ്റുക.** 1

ഉള്ളൂർ എഴുതിയ കവിതയാണ് "മഞ്ഞുതുള്ളി".

**c) വാക്യശുദ്ധി വരുത്തുക.** 1

ഞാൻ ഭയങ്കരവും പേടിപ്പിക്കുന്നതുമായ സ്വപ്നം കണ്ടു.

**d) നാനാർത്ഥം എഴുതുക.** 2

1. കതിർ 2. ഒളി

**e) കല്ലായിപ്പുഴ എന്ന പദം വിഗ്രഹിക്കുന്നതെങ്ങനെ?** 1

(കല്ലായിയാകുന്ന പുഴ, കല്ലായിയിലെ പുഴ, കല്ലായിയും പുഴയും)

**f) 'അവനി' എന്ന പദത്തിന്റെ അർത്ഥം എഴുതുക.** 1

(ഭൂമി, കടൽ, ആകാശം)

**g) സമാനപദങ്ങൾ കണ്ടെത്തുക.** 3

1. അല്ല് – (സന്തോഷം, ദുഃഖം, അഴൽ)
2. നിലാവ് – (ചന്ദ്രിക, രജനി, കൗമുദി)
3. മഴ (മാരി, ഹിമം, വർഷം)

**h) 'പശ്ചിമം' എന്ന പദത്തിന്റെ വിപരീതം എഴുതുക.** 1

(പടിഞ്ഞാറ്, തെക്ക്, പൂർവ്വം)

**i) ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.** 2

(അഥിതി, അതിഥി, അധിഥി)
(പദ്ധതി, പധതി, പന്ധതി)

**j) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** 2

1. മുമ്പൊരിക്കൽ 2. വാരിത്തൂകി

**k) എതിർലിംഗം എഴുതുക.** 1

1. പണ്ഡിതൻ 2. കവി

**l) അർത്ഥവ്യത്യാസം എഴുതുക.** 1

1. പരിണാമം – പരിമാണം 2. ശ്വേതം – ശീതം

**m) വാക്യത്തിൽ പ്രയോഗിക്കുക.** 2

1. ആനന്ദബാഷ്പം 2. സസൂക്ഷ്മം

## ഡി. വിഭാഗം

**IV. പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക.** 3

"പോകൊല്ലേ! പോകൊല്ലേ! ............................ മന്നിൽ വേറെ.

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 28

1. മഞ്ഞുതുള്ളിയെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെയെല്ലാമാണ്?
2. ജൂൺ ജൂലൈ മാസങ്ങളിലാണ് വിക്ടോറിയ വെള്ളച്ചാട്ടം സന്ദർശിക്കാൻ പറ്റിയ ഏറ്റവും നല്ല കാലം എന്ന് പറയാൻ കാരണമെന്ത്?
3. 'പുഴ' എന്നും സാഹിത്യകാരന് പ്രചോദനമായത് എന്തുകൊണ്ടായിരിക്കാം?
4. "കണ്ണടച്ചു ജപിച്ചു നടന്നു
   വിണ്ണിലെന്തു കൊതിക്കുന്നു നമ്മൾ".
   കണ്ണടച്ചു നടക്കുന്നവർക്ക് നഷ്ടപ്പെടുന്ന കാഴ്ചകൾ എന്തെല്ലാം?
5. ചുമതലകൾ ഏറ്റെടുക്കാനുള്ള ആത്മധൈര്യം നൽകിക്കൊണ്ട് അബ്ദുൾകലാമിനു ധവാൻ

നൽകിയ ഉപദേശം എന്തായിരുന്നു?

6. ഡേവിഡ് ലിവിങ്സ്റ്റൺ പ്രതിമയെ വർണ്ണിച്ചതെങ്ങനെ?
7. എസ്. എൽ. വി. മൂന്നിന്റെ പരാജയം നൽകിയ പാഠം എന്ത്?

**VI. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. 5**

1. 'മഞ്ഞുതുള്ളി' എന്ന കവിതയുടെ കർത്താവാര്?
   (വള്ളത്തോൾ, കുമാരനാശാൻ, ഉള്ളൂർ)
2. ചുമതലകൾ ഏറ്റെടുക്കാനുള്ള ആത്മധൈര്യം അബ്ദുൾകലാമിന് നൽകിയതാര്?
   (ബ്രഹ്മപ്രകാശ്, സതീഷ് ധവാൻ, ബ്രഹ്മദത്തൻ)
3. ഏതു ഉപഗ്രഹ വിക്ഷേപണത്തിന്റെ പരാജയമാണ് ഡോ. എ.പി.ജെ. അബ്ദുൾകലാമിന് പാഠമായത്?
   (ഒന്നാം വിക്ഷേപണം, എസ്. എൽ. വി. മൂന്ന്, എസ്. എൽ. വി. രണ്ട്)
4. വിക്ടോറിയ വെള്ളച്ചാട്ടം ഏതു നദിയിലാണ് ഉള്ളത്?
   (സാംബസി നദി, നൈൽ നദി, യമുന നദി)
5. നിൽക്കാതെയുള്ള നമ്മുടെ പാച്ചിൽ നോക്കി നിൽക്കുന്നതാര്?
   (കാലികൾ, കിളികൾ, താഴ്‌വര)
6. മഞ്ഞുതുള്ളി എങ്ങോട്ടു പോകുന്നു എന്നാണ് കവി പറയുന്നത്?
   (സ്വർഗ്ഗം, പാതാളം, നരകം)
7. എൻ. പി. മുഹമ്മദ് വർണ്ണിക്കുന്ന പുഴയേത്?
   (ഭാരതപ്പുഴ, കബനിപ്പുഴ, കല്ലായിപ്പുഴ)
8. എസ്. കെ. പൊറ്റക്കാടിന്റെ ഏത് യാത്രാ വിവരണത്തിൽ നിന്നും എടുത്തതാണ് പാഠഭാഗമായ 'വിക്ടോറിയ വെള്ളച്ചാട്ടം'?
   (ഒരു തെരുവിന്റെ കഥ, കാപ്പിരികളുടെ നാട്ടിൽ, ഒരു ദേശത്തിന്റെ കഥ)
9. ആധുനിക കവിത്രയത്തിൽ ഉൾപ്പെടാത്ത കവി ആര്?
   (ഉള്ളൂർ, കുഞ്ചൻ നമ്പ്യാർ, വള്ളത്തോൾ)
10. വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ ഏറ്റവും തെക്കുഭാഗം അറിയപ്പെടുന്നതെങ്ങനെ?
   (ചെകുത്താൻ ഭാഗം, ചെകുത്താന്റെ കുത്തിത്തിരുപ്പ്, ആപൽക്കര ഭാഗം)